**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6605** **11-07-2024 - ൽ മറുപടിയ്ക്ക്**

**ജംഗ്ഷനുകൾ നവീകരിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തടസരഹിതമായ ഗതാഗതം ഉറപ്പാക്കുന്നതിന് വേണ്ടി ശാസ്ത്രീയ സംവിധാനങ്ങൾ ഉറപ്പാക്കേണ്ട സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കേരളത്തിൽ PWD മേൽനോട്ടം വഹിക്കുന്ന റോഡിൽ 2 lane (7M) വീതിയുള്ളവയും 5.50M വീതിയുള്ള Intermediate lane റോഡുകളുമാണ് കൂടുതലായി ഉള്ളത്. Traffic density -യ്ക്ക് ആനുപാതികമായി റോഡിന്റെ വീതി കൂട്ടാൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. റോഡുകളിൽ തടസ്സരഹിതമായ ഗതാഗതം ഉറപ്പാക്കുന്നതിന് വേണ്ടി ജംഗ്ഷൻ വികസന പദ്ധതി,ഫ്ലൈ ഓവറുകൾ ബൈപാസുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതു കൂടാതെ ജ്യോമിട്രിക്ക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നിവയ്ക്കായുള്ള ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച് പ്രവൃത്തികളുടെ ഭാഗമായി ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് നടപ്പിലാക്കി വരുന്നു. റോഡ് തടസ്സരഹിതമാക്കുന്നതിനുള്ള ഗതാഗത ക്രമീകരണം police department വഴി ഫലവത്തായി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | അപകടസാധ്യത കൂടിയ പ്രധാന ജംഗ്ഷനുകളിലെ ഗതാഗതം സുഗമവും അപകടരഹിതവുമാക്കുന്നതിന് മേൽപ്പാലങ്ങളും ബൈപാസുകളും നിർമ്മിക്കുന്നതോടൊപ്പം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ട്രാഫിക് സംവിധാനങ്ങളും ഉറപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുള്ള ട്രാഫിക് സംവിധാനങ്ങളെക്കുറിച്ച് വിവിധ ഏജൻസികൾ പഠനങ്ങൾ നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാനത്തെ ഇരുപത്തി ഒന്ന് പ്രധാന ജംഗ്ഷനുകളിലെ ഗതാഗതവും ട്രാഫിക് സംവിധാനവും നവീകരിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ; | (സി) | സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് GO(Rt) No.1069/2022/PWD Dated 05.11.2022 പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. നിലവിൽ 7 ജംഗ്ഷനുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. സ്ഥലം |

| | | | |
|---|---|---|---|
| | | | എറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 3 പ്രവർത്തികളുടെ DPR അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തികളുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | അപകട സാധ്യത കൂടിയ ജംഗ്ഷനുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകമാനമുള്ള പ്രധാന റോഡുകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | അപകടസാധ്യത കൂടിയ ജംഗ്ഷനുകൾ ഉൾപ്പെടെയുള്ള ബ്ലാക്ക് സ്പോട്ട് മേഖലകൾ സംബന്ധിച്ച് നാറ്റ്പാക് എന്ന ഏജൻസി മുഖേന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യതക്കനുസരിച്ച് ഈ മേഖലകൾ അപകട വിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ